കേരള സർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

## ഗവ എച്ച്എസ്എസ് കോയിപ്രം



# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## ആമുഖം

പത്തനംതിട്ട ജില്ലയിലെ തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ പുല്ലാട് ഉപജില്ലയിലെ കോയിപ്രം ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന സർക്കാർ വിദ്യാലയമാണ് കോയിപ്രം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ.

## ചരിത്രം

മധ്യതിരുവിതാംകൂറിനെ ധന്യമാക്കുന്ന പമ്പാ നദിയുടെ കരയിൽ സ്ഥിതിചെയ്യുന്ന ഗ്രാമമാണ് കോയിപ്രം. കോയിവാർ എന്ന ഇടപ്രഭുക്കന്മാരുടെ നിയന്ത്രണത്തിൽ വന്ന പ്രദേശത്തിന് "കോവിൽ പുരം' എന്ന് പേരു വന്നതായും അത് രൂപാന്തരപ്പെട്ട് "കോയിപ്രം" ആയതായും പറയപ്പെടുന്നു. ഈ നാട്ടിലെ ഭൂരിപക്ഷം വരുന്ന അധഃസ്ഥിത വർഗ്ഗത്തിന്റെ ഉന്നമനത്തിനുള്ള ഏക വഴി വിദ്യാഭ്യാസം മാത്രമാണെന്ന തിരിച്ചറിവിൽ പ്രദേശവാസികളായ സുമനസ്സുകൾ ഇളക്ക സ്ഥലം ദാനം ചെയ്തു. 1913-ൽ ലോവർ പ്രൈമറി സ്കൂളായി പ്രവർത്തനമാരംഭിച്ചു. ഹൈസ്കൂൾ ആയി ഉയർത്തുന്നതിന് കൂടുതൽ ഭൂമിയും കെട്ടിടങ്ങളും ആവശ്യമായി വന്നു. അധ്യാപകരുടെയും നാട്ടിലെ പ്രമുഖരുടെയും ഉത്സാഹത്തിൽ സാമ്പത്തിക സമാഹരണം നടത്തി കൂടുതൽ സ്ഥലം വാങ്ങി. 1981-ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു.

2000-ത്തിൽ ഹയർസെക്കണ്ടറി വിഭാഗം അനുവദിച്ചു. സയൻസ് ഹ്യുമാനിറ്റീസ് ബാച്ചുകൾ പ്രവർത്തിക്കുന്നു. 2010 മുതൽ SSLC ക്ക് നൂറു ശതമാനം വിജയം കരസ്ഥമാക്കുന്നുണ്ട്.

**ലക്ഷ്യങ്ങൾ :-**

* അറിവധിഷ്ഠിത ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ശാന്തമായ അന്തരീക്ഷത്തിൽ ചിട്ടയും സുതാര്യമായ വിദ്യാഭ്യാസം സമസ്ത വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

* അക്കാദമിക് മികവിന് ഉതകുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

* എൽ.കെ.ജി മുതൽ 10-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതി അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

* അധ്യാപനവും, അധ്യയനവും സർഗാത്മകവും സമഗ്രവുമാക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. കുട്ടികളുടെ മികവിന്റെ സമസ്ത മേഖലകളിലും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ സർവ്വതോമുഖമായ എല്ലാ കഴിവുകളും വികസിപ്പിക്കുക.

2. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.

3. മാനവികത, സ്നേഹം, കരുണ, വ്യക്തിശുചിത്വം, സാമൂഹ്യശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതി-നുള്ള സാഹചര്യം സൃഷ്ടിക്കൽ.

4. ലോകത്ത് എവിടെയും സമപ്രായമുള്ള കുട്ടികൾ ആർജ്ജി-ച്ചിരിക്കാൻ മികവാർന്ന ശേഷികളും ധാരണകളും ഈ ക്ലാസ്സിലെയും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

5. മദ്യത്തിനും മയക്കുമരുന്നിനും എതിരായ ഒരു പുതു തലമുറയെ വാർത്തെടുക്കുക.

6. പ്ലാസ്റ്റിക് വിമുക്തവും ലഹരിവിമുക്തവും, കീടനാശിനി വിമുക്തവുമായ ക്യാമ്പസ് രൂപപ്പെടുത്തുക.

7. കാർഷിക സംസ്കാരമുള്ള പുതുതലമുറയെ വളർത്തുക.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

1. SRG - യോഗത്തിൽ GHSS കോഴിച്ചാൽ - 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ച ചെയ്യലും.

2. വികസന ആവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3. കരട് രൂപരേഖ SRG, SMC, PTA, MPTA ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ

4. ശില്പശാലയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കുക.

5. PTA-യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

## അവസ്ഥാവിശകലനം

### (1) ഭൗതികം - നേട്ടങ്ങൾ

കാലപ്പഴക്കം മൂലം LP, UP വിഭാഗങ്ങളുടെ കെട്ടിടം പൊളിച്ചുമാറ്റി. തുടർന്ന് 1 കോടി 38 ലക്ഷം രൂപ ചെലവിൽ പുതിയ മൂന്ന് നില കെട്ടിടത്തിന്റെ നിർമ്മാണ-പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2024 ഡിസംബർ മന്ത്രി വീണാ ജോർജ്ജ് കല്ലിടൽ ചടങ്ങ് നിർവ്വഹിച്ചു.

## (II) ഭൗതികം — പരിമിതികൾ

ഓഫീസ്, ലൈബ്രറി, ലാബ് എന്നിവയ്ക്ക് മതിയായ സൗകര്യങ്ങൾ ഉള്ള കെട്ടിടങ്ങൾ ഇല്ല. ചുറ്റുമതിൽ പൂർണ്ണമല്ല. വാഹന ഷെഡ്ഡ്, ഭോജനശാല, ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

## (III) അക്കാദമികം — നേട്ടങ്ങൾ

തുടർച്ചയായി വർഷങ്ങളിൽ SSLC പരീക്ഷയിൽ 100% വിജയം നിലനിർത്തുന്നു. ശ്രദ്ധ, മലയാളത്തിളക്കം, സുരീലി ഹിന്ദി, ഹലോ ഇംഗ്ലീഷ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി പൂർത്തീകരിക്കുന്നു. LSS, USS പരീക്ഷകളിൽ മികച്ചവിജയം. LSS പരീക്ഷയിൽ ദേവദർശൻ (4 ) വിജയ വിജയം കരസ്ഥമാക്കി. സംയുക്ത ഡയറി, പാട്ടരങ്ങ്, മധുരം മലയാളം, ചിത്രപാഠം തുടങ്ങിയ പഠനപ്രവർത്തനങ്ങൾ LP വിഭാഗത്തിൽ നടന്നു വരുന്നു. ഹിന്ദി, ഇംഗ്ലീഷ് മലയാളം ഭാഷാ വികാസം പരിപോഷിപ്പിക്കാൻ മൂന്ന് ഭാഷയിലും അസംബ്ലി നടത്തുന്നു.

## (IV) അക്കാദമികം — പരിമിതികൾ

സ്കൂൾ ഗ്രന്ഥശാലയോട് ബന്ധിച്ച് റീഡിംഗ് റൂം സംവിധാനം ആവശ്യമുണ്ട്. ക്ലാസ്സ് ലൈബ്രറികൾ

ശേഖരിച്ചിട്ടില്ല. തൊഴിലധിഷ്ഠിത പ്രവൃത്തിപരിചയ പഠനത്തിന് അധ്യാപകരുടെ പൂർണ്ണമായ സേവനം ലഭ്യമല്ല. ബെഞ്ച് ബോർഡ് സംവിധാനം ആവശ്യമാണ്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### അക്കാദമികം

→ ഭാഷാ ശേഷി വികസനം
→ ഗണിത ശേഷി വികസനം
→ ഇംഗ്ലീഷ് പഠന പരിപോഷണം
→ അസ്ത്ര പോഷണ പരിപാടി
→ വായന പരിപോഷണം
→ ജൈവ വൈവിധ്യ പാർക്ക്
→ നാടകക്കളരി
→ സാഹിത്യ പോഷണ പരിപാടികൾ
→ പഠനയാത്രകൾ
→ സെമിനാറുകൾ
→ സ്കൂൾ പത്രം / മാസിക
→ പ്രവൃത്തി പരിചയ പഠനം
→ പച്ചക്കറിത്തോട്ടം
→ രചനാ ശില്പശാല
→ അഭിമുഖങ്ങൾ
→ മെഡിക്കൽ ക്യാമ്പ്

- പ്രഭാഷണ പരിപാടി
- കുമാര വിദ്യാഭ്യാസം
- ഗണിതലാബ്, ഗണിതാന്തരീക്ഷം ഒരുക്കൽ
- ഭാഷാ ലാബ്
- ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ
- ദിനാചരണം
- കായിക പഠനം
- ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ
- വീഡിയോ - 'Kolpuram vision'
- ഇംഗ്ലീഷ് കിയൽ

## ഭൗതികം

- ചുറ്റുമതിൽ
- കളിസ്ഥലം
- ചിൽഡ്രൻസ് പാർക്ക്
- ക്ലാസ്സ്റൂം
- ഓഫീസ് റൂം
- വിശ്രമ മുറി
- കമ്പ്യൂട്ടർ റൂം
- ലൈബ്രറി
- അടുക്കള
- ഭോജനശാല
- അസംബ്ലിഹാൾ
- കുടിവെള്ള വിതരണം
- മാലിന്യ സംസ്കരണം

→ ലബോറട്ടറി

→ എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം

→ എന്റെ ചെടി എനിക്കും പറയാനുണ്ട്.

→ ഭാഷോത്സവം

→ ഗണിതോത്സവം

→ മാജിക് മേള.

## സാമൂഹികം

→ വിദ്യാലയ വികസന സമിതി ശക്തിപ്പെടുത്തുക.

→ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം

→ S.S.G, L.S.G ബന്ധം

→ ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ

→ വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സാങ്കേതിക സ്ഥാപനങ്ങൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുക.

→ വിദ്യാലയ വിഭവങ്ങൾ പൊതുസമൂഹവുമായി പങ്കിടൽ

→ പഠനക്കൂട്ടം

→ പ്രാദേശിക PTA

→ ഭവന സന്ദർശനം

## പദ്ധതി വിശദാംശങ്ങൾ

### പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും സ്കൂളിലും വീട്ടിലും നടക്കുന്ന പ്രധാന സംഭവങ്ങൾ ഇംഗ്ലീഷിൽ ഡയറി എഴുതുന്നു. | അദ്ധ്യയന ദിവസം | UP ഇംഗ്ലീഷ് അധ്യാപിക | — |

### പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തിയേറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർ-ത്തനങ്ങൾക്ക് ഉപ-യോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദി-ച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി അവതരി-പ്പിച്ച് കുട്ടികളിൽ ഭാഷാ-ശേഷി വളർത്തുക. ഉദാ: സ്കിറ്റ്, നാടകീകരണം ഡ്രാമ. | പ്രതിമാസം | UP English ടീച്ചർ | 5000 |

## പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ തരത്തിലുള്ള ഇംഗ്ലീഷ് ടോക് ഷോയു-ണ്ടാക്കാൻ കുട്ടികളിൽ എത്തിക്കാനും വിവിധ രീതിയിലുള്ള അഭിരുചികൾ വളർത്താനും ഒപ്പം പദ്യം, ഗാന രൂപങ്ങളിൽ കൂടുതൽ പരിജ്ഞാനം കൈവരിക്കുക. | തുടർച്ചയായ 3 ദിവസ-കാലയളവിൽ ഫെസ്റ്റ് പ്രോഗ്രാമുകൾ വിവിധ പ്രദേശങ്ങളിൽ സംഘ-ടിപ്പിക്കുക. | 4 ദിവസം | PTA യും ഇംഗ്ലീഷ് ടീച്ചർ | 10000/- CSR fund |

## പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ. | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകര-ണങ്ങൾ, ചാർട്ടുകൾ ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്ത പ്രദർശിപ്പിക്കുന്നതിന് ബോർഡ് സ്ഥാപിക്കുക. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | — |

പ്രവർത്തനം - 5

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് മാഗസിൻ

ഉപമേഖല : ഇംഗ്ലീഷ് പ്രാവീണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ നൈപുണികൾ വളർത്തുന്നതിനും ഇംഗ്ലീഷ് സാഹിത്യവുമായി ബന്ധപ്പെടുത്തുന്നതിനും | അദ്ധ്യാപകരുടെ സഹായത്തോടെ മാഗസിൻ നിർമ്മാണം | ഡിസം | ഇംഗ്ലീഷ് ക്ലബ്ബ് | — |

പ്രവർത്തനം - 6

പ്രവർത്തനത്തിന്റെ പേര് : രചനാ ശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ വായന സാമഗ്രികളുടെ നിർമ്മാണം | കഥാകൃത്ത്/കവികളെ രചനാ ശില്പശാലയ്ക്ക് സംഘടിപ്പിക്കൽ ക്ലാസ് മുറിയിലെ പഠനസാമഗ്രികളായി ഉൽപ്പന്നങ്ങളെ ഉപയോഗിക്കൽ | അദ്ധ്യയന വർഷത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യവേദി | — |

പ്രവർത്തനം – 7

പ്രവർത്തനത്തിന്റെ പേര് : വർണ്ണ വസന്തം

ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക. | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ അവരുടെ വായന / എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ | വർഷത്തിൽ 1 പ്രാവിശ്യം | HM & PTA | 2000/- |

പ്രവർത്തനം – 8

പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാല ശാക്തീകരണം.

ഉപമേഖല : ഭാഷാ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ. | പുസ്തകങ്ങൾ വർദ്ധിപ്പിച്ച് ശേഖരിക്കൽ കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ ശക്തിപ്പെടുത്തൽ | വർഷത്തിൽ 2 പ്രാവിശ്യം | HM PTA | 2000/- |

പ്രവർത്തനം – 9

പ്രവർത്തനത്തിന്റെ പേര് :- സചിത്ര പുസ്തകം

ഉപമേഖല :- മലയാള ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| [illegible]ചിന്തി- [illegible]ടെ അഭിരു- [illegible]ചി വളർത്തുക. | പാഠവുമായി ബന്ധപ്പെട്ട് ചിന്തിക്കാനും പ്രവർത്തിക്കാനും നടത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചേഴ്സ് | — |

പ്രവർത്തനം – 10

പ്രവർത്തനത്തിന്റെ പേര് :- സാഹിത്യഡയറി

ഉപമേഖല :- ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാശേഷി വികസിപ്പിക്കുക. | ദൈനംദിനം കുട്ടികളെയും മുതിർന്നവരെയും ചെറിയ കാര്യങ്ങൾ എഴുതിയും വരച്ചും ശേഖരിക്കുന്നു. | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചേഴ്സ് | — |

പ്രവർത്തനം — 11

പ്രവർത്തനത്തിന്റെ പേര് :– ദിനാചരണങ്ങൾ

ഉപമേഖല :– ബൗദ്ധിക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷി-കളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | — |

പ്രവർത്തനം – 12

പ്രവർത്തനത്തിന്റെ പേര് :- ഗണിതലാബ് സജ്ജീകരിക്കൽ

ഉപമേഖല : അക്കാദമികം – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ എളുപ്പമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് ഒരുക്കാൻ. | അദ്ധ്യയന വർഷം | SRG യും ഗണിത ക്ലബ്ബ് | — |

പ്രവർത്തനം – 13

പ്രവർത്തനത്തിന്റെ പേര് :- സംഖ്യാചക്രം

ഉപമേഖല :- കുട്ടികളിൽ ഗണിത ശേഷി വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും ചതുഷ്ക്രിയ ഉറപ്പിക്കുക. | സംഖ്യാചക്രം, അക്കകളി സംഖ്യാ പിരമിഡ്, [illegible]-ചാർട്ടും തുടങ്ങിയ പ്രവർത്തനങ്ങൾ സമഗ്രമായും പ്രയോജനപ്പെടുത്തുന്നു | ജൂൺ–മാർച്ച് | ഗണിത അദ്ധ്യാപിക | — |

പ്രവർത്തനം – 14

പ്രവർത്തനത്തിന്റെ പേര് :- ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ

ഉപമേഖല :- രാഷ്ട്രഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...ട്ടു ഭാഷ- ...ടുള്ള ...ഭിരുചി ...ർത്തിക്കൽ | ലഭ്യമായ ഹിന്ദി കഥാപുസ്തകങ്ങൾ, ബാലമാസികകൾ സാഹിത്യപുസ്തകങ്ങൾ, ഗ്രന്ഥാലയിൽ ലഭ്യമാക്കുകയും വായനക്ക് അവസരം നൽകുകയും ചെയ്യുന്നു. | ജൂൺ - മാർച്ച് | ഹിന്ദി ക്ലബ്ബ് | 1000/- |

പ്രവർത്തനം - 15

പ്രവർത്തനത്തിന്റെ പേര് : ഹിന്ദി അസംബ്ലി

ഉപമേഖല : അക്കാദമികം - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അവതരണത്തിനുള്ള ശേഷി നേടിയെടുക്കൽ. | ആഴ്ചയിൽ ഒരിക്കൽ ഹിന്ദി മാധ്യമത്തിൽ അസംബ്ലി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | ഹിന്ദി ക്ലബ്ബ് | — |

പ്രവർത്തനം : 16

പ്രവർത്തനത്തിന്റെ പേര് : ചാർട്ട് തയ്യാറാക്കൽ

ഉപമേഖല : ഹിന്ദി - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി പഠനം സുഗമമാക്കൽ | ഹിന്ദിയിൽ വിവിധ ചാർട്ടുകൾ തയ്യാറാക്കൽ ഹിന്ദി ചുമരുകളിൽ പ്രദർശിപ്പിക്കൽ. | മാസത്തിൽ ഒന്ന് | ഹിന്ദി ക്ലബ്ബ് | 3000/- |

പ്രവർത്തനം - 17

പ്രവർത്തനത്തിന്റെ പേര് :- ശാസ്ത്രയാത്രകൾ

ഉപമേഖല :- ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| ശാസ്ത്ര പഠനം രസ-കരമാക്കൽ. | ശാസ്ത്ര പ്രദർശനങ്ങൾ കാർഷിക പ്രദർശനങ്ങൾ ശാസ്ത്ര വസ്തു ശേഖരം നടത്തിയവ വീക്ഷിക്കുന്നതി-നുള്ള പഠനയാത്രകൾ | [illegible] ഒന്ന് | സയൻസ് ക്ലബ്ബ് & PTA | 5000/- (0.SA) |

പ്രവർത്തനം - 18

പ്രവർത്തനത്തിന്റെ പേര് :- മേളകൾ

ഉപമേഖല :- അക്കാദമികം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| 'ശാസ്ത്രം' പ്രവർത്തനമാണ് എന്ന് മനസിലാക്കുക | സ്കൂൾ തല ശാസ്ത്രമേള-യിൽ എല്ലാ കുട്ടികളെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ല തലത്തിൽ പര-മാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവിശ്യം | സയൻസ് ക്ലബ്ബ് | 200/- |

പ്രവർത്തനം - 19

പ്രവർത്തനത്തിന്റെ പേര് :- ശാസ്ത്ര പരീക്ഷണങ്ങൾ

ഉപമേഖല :- അക്കാദമികം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി[കം] |
|---|---|---|---|---|
| [കു]ട്ടികളിൽ ശാസ്ത്ര [..]ബോധം [കു]ട്ടികൾ. | പാഠഭാഗവുമായി ബന്ധപ്പെട്ട് ഉചിതമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. | ജൂൺ — മാർച്ച് | ശാസ്ത്ര അധ്യാപിക | — |

പ്രവർത്തനം — 20

പ്രവർത്തനത്തിന്റെ പേര് :- പരിസര നിരീക്ഷണം (LP)

ഉപമേഖല :- ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി[കം] |
|---|---|---|---|---|
| [നമ്മു]ടെ ചുറ്റു[പാടു]ളും വിവിധ [ത]രം സസ്യങ്ങളും [ജീ]വികളും [..]ങ്ങൾ തിരിച്ചറിയൽ | ചുറ്റുപാട് നിരീക്ഷിക്കൽ, പട്ടികപ്പെടുത്തൽ | ജൂൺ — മാർച്ച് | ശാസ്ത്ര അധ്യാപകർ | — |

പ്രവർത്തനം — 21

പ്രവർത്തനത്തിന്റെ പേര് :- സാമൂഹ്യ ശാസ്ത്ര ലാബ്

ഉപമേഖല :- അക്കാദമികം — സാമൂഹ്യശാസ്ത്ര[ം]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി[കം] |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ആസ്വാദ്യമാക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ. | വർഷത്തിൽ ഒരു പ്രാവിശ്യം. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്. | 5000/- PTA |

## പ്രവർത്തനം — 22

**പ്രവർത്തനത്തിന്റെ പേര് :-** പഠനയാത്രകൾ

**ഉപമേഖല :-** അക്കാദമികം / സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പഠനവസ്തുതകൾ ശേഖരിക്കുന്നതിന്. | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒന്ന് | SRG | 10000/- |

## പ്രവർത്തനം — 23

**പ്രവർത്തനത്തിന്റെ പേര് :-** സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

**ഉപമേഖല :-** അക്കാദമികം - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ മേഖലയിലേക്ക് പ്രവേശിക്കൽ. | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഭൂപടങ്ങൾ എന്നിവ ശേഖരിച്ച് സാമൂഹ്യശാസ്ത്ര വായനാ കോർണർ ഒരുക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 3000/- |

പ്രവർത്തനം – 24

പ്രവർത്തനത്തിന്റെ പേര് :- ബുള്ളറ്റിൻ ബോർഡ്

ഉപമേഖല :- അക്കാദമികം – സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകൾ ഉറപ്പിക്കൽ. | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഇടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/- PTA |

പ്രവർത്തനം – 25

പ്രവർത്തനത്തിന്റെ പേര് :- ചിത്രരചനാ കളരി

ഉപമേഖല :- അക്കാദമികം – കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്ര രചനയിൽ പ്രാവീണ്യം നേടൽ | ചിത്ര രചനയിൽ താത്പര്യമുള്ള കുട്ടികളെ ആഴ്ചയിൽ ഒരു ദിവസം അധ്യാപിക പരിശീലനം നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | SRG | 3000/- |

പ്രവർത്തനം – 26

പ്രവർത്തനത്തിന്റെ പേര് :– കായിക പരിശീലനം

ഉപമേഖല :– അക്കാദമികം – കായികവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരി-ശീലനം കാര്യ-ക്ഷമമാക്കൽ | ആഴ്ചയിൽ ഒരു പിരീഡ് പ്രത്യേക കായിക വിഭാഗങ്ങ-ളിൽ താത്പര്യം ഉള്ള കുട്ടി-കൾക്ക് പരിശീലനത്തിന് അവസരം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം. | SRG | |

പ്രവർത്തനം :– 27

പ്രവർത്തനത്തിന്റെ പേര് :– മെഡിക്കൽ ക്യാമ്പ്

ഉപമേഖല :– അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ. | വർഷത്തിൽ ഒരു പ്രാവിശ്യം കുട്ടികൾക്കും രക്ഷിതാക്കൾ-ക്കും സൗജന്യമായ വൈദ്യ-പരിശോധന നടത്തൽ. | വർഷത്തിൽ ഒന്ന് വീതം | HM PTA | 1000/- |

പ്രവർത്തനം :– 28

പ്രവർത്തനത്തിന്റെ പേര് :– പച്ചക്കറിത്തോട്ടം

ഉപമേഖല :– അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...ഷിത സസ്-...ദി വീണ്ടെടുക്കൽ. | വിദ്യാലയത്തിലെ ശൂന്യമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ. | വർഷത്തിൽ ഉട നീളം | SRG SSG | 5000/- |

പ്രവർത്തനം :- 29

പ്രവർത്തനത്തിന്റെ പേര്: ക്ലാസ്സ് PTA സംഘടിപ്പിക്കൽ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ. | കൃത്യമായ ഇടവേളകളിൽ പ്രതിമാസം PTA ചേരൽ. | പ്രതിമാസം | ക്ലാസ്സ് ടീച്ചർ | — |

പ്രവർത്തനം :- 30

പ്രവർത്തനത്തിന്റെ പേര്: പോഷകാഹാര പരിപാടി ഉപമേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം. | ആഴ്ച്ചയിൽ മൂന്നോ ദിവസം വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | HM PTA | 5000/- |

പ്രവർത്തനം :- 31

പ്രവർത്തനത്തിന്റെ പേര് :- ഗവേഷണ പ്രോജക്ടുകൾ

<u>ഉപമേഖല</u> :- അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | പൂർവ്വ വിദ്യാർത്ഥികളുടെ ഡേറ്റാബേസ് തയ്യാറാക്കൽ പഠന പിന്നോക്കാവസ്ഥയുള്ളവർക്കുള്ള പ്രത്യേക വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ സർവ്വേ നടത്തി ഇവിടം മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തുക. | വർഷത്തിൽ ഒരു പ്രാവിശ്യം | SRG PTA SRG | |

പ്രവർത്തനം :- 32

പ്രവർത്തനത്തിന്റെ പേര് :- ജന്മദിനത്തിനൊരു പുസ്തകം

<u>ഉപമേഖല</u> : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ |
|---|---|---|---|---|
| ക്ലാസ് ലൈബ്രറിയുടെ നവീകരണം. | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു | എല്ലാ ജന്മദിനത്തിലും | ക്ലാസ് ടീച്ചർ & കുട്ടികൾ | SR |

പ്രവർത്തനം :- 33

പ്രവർത്തനത്തിന്റെ പേര് :- ശാസ്ത്ര മാജിക്

ഉപമേഖല :- അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ. | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം. അവയുടെ പ്രവർത്തന രീതി ചിത്ര സഹിത പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തണം. | മാസത്തിൽ ഒന്ന്. | SRG | |

പ്രവർത്തനം :- 34

പ്രവർത്തനത്തിന്റെ പേര് :- ഗ്രാമർ സ്കൂൾ

ഉപമേഖല :- അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് വ്യാകരണ പാഠങ്ങളിൽ പ്രാവീണ്യം നേടൽ | ഇംഗ്ലീഷ് വ്യാകരണത്തിൽ പ്രാവീണ്യം നേടാൻ ഇംഗ്ലീഷ് അധ്യാപികയെ പ്രയോജനപ്പെടുത്തി ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് വ്യാകരണ ക്ലാസ്സ്. | ആഴ്ചയിൽ 1 പിരീഡ് | SRG | |

പ്രവർത്തനം :- 35

പ്രവർത്തനത്തിന്റെ പേര് :- ചുറ്റുമതിൽ

ഉപമേഖല :- ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ ക്യാമ്പസിനെ സംരക്ഷിക്കൽ. | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക. | ഒരു വർഷം | PTA LSGD | 10 ലക്ഷം |

പ്രവർത്തനം :- 36

പ്രവർത്തനത്തിന്റെ പേര് :- ഡൈനിംഗ് ഹാൾ

ഉപമേഖല :- ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യപ്രദമായ ഒപ്പം ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ. | 2 വർഷം | PTA വർഷം | 10 ലക്ഷം |

പ്രവർത്തനം :- 37

പ്രവർത്തനത്തിന്റെ പേര് :- മൈതാന നിർമ്മാണം

ഉപമേഖല :- ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും പങ്കെടുക്കാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങളോടുകൂടിയ വിശാലമായ [illegible] നിർമ്മിക്കൽ | രണ്ട് വർഷം | PTA LSGD | 50 ലക്ഷം |

പ്രവർത്തനം :- 38

പ്രവർത്തനത്തിന്റെ പേര് :- സ്മാർട്ട് റൂം നിർമ്മാണം

ഉപമേഖല :- ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യ വികസനം | എല്ലാ സൗകര്യങ്ങളോടും കൂടിയ സ്മാർട്ട് റൂം ഒരുക്കുക. | ഒരു വർഷം | PTA | 5 ലക്ഷം |

പ്രവർത്തനം :- 39

പ്രവർത്തനത്തിന്റെ പേര് :- HSS വാഹനഷെഡ്

ഉപമേഖല :- ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സുരക്ഷിതമായ വാഹന പാർക്കിംഗ് | HSS കെട്ടിടത്തിന് മുൻവശം വാഹന ഷെഡ് നിർമ്മിക്കൽ | 1 വർഷം | LSGD | 2 ലക്ഷം |

പ്രവർത്തനം :- 40

പ്രവർത്തനത്തിന്റെ പേര് :- മാലിന്യസംസ്കരണം

ഉപമേഖല :- ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ. | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സ്കൂളിൽ പൊതുവായ സ്ഥലത്ത് ഒരുക്കൽ | SSG | 1 വർഷം | 1 ലക്ഷം |

പ്രവർത്തനം :- 41

പ്രവർത്തനത്തിന്റെ പേര് :- പൂർവ്വ വിദ്യാർത്ഥി സംഗമം

ഉപമേഖല :- സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ. | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുന്നിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | SSG | 5000/- |

പ്രവർത്തനം :- 42

പ്രവർത്തനത്തിന്റെ പേര് :- പഠനക്കൂട്ടങ്ങൾ

<u>ഉപമേഖല</u> :- സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കാര്യക്ഷമമാക്കൽ. | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു. ഓരോ ടേമിലും മികവുകളുടെ അവതരണവും കുട്ടികൾക്ക് വേണ്ടി സമകാലിക പ്രശ്നങ്ങളുടെ വിഷയത്തിൽ ക്ലാസ്സുകൾ നടത്തൽ. | ഓരോ ടേമിലും അനുയോജ്യ ദിവസങ്ങളുടെ അവസാനം. | S.R.G PTA | 5000/- |

പ്രവർത്തനം :- 43

പ്രവർത്തനത്തിന്റെ പേര് :- സ്കൂൾ കലണ്ടർ

<u>ഉപമേഖല</u> :- സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ മികവുകൾ എല്ലാവരുമായി പങ്കിടൽ. | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം. | SRG PTA | 1000/- |

## പ്രതീക്ഷിത നേട്ടങ്ങൾ

→ ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ ശിശു പഠനത്തിൽ മുഴുകുന്നു.

→ 'സ്കൂൾ സമൂഹത്തിൽ' എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.

→ വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.

→ മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

→ വിദ്യാഭ്യാസ രംഗത്തുള്ള ദോഷകരമായ പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## മോണിട്ടറിംഗ് രീതി

→ ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുക.

→ സോഷ്യൽ മോണിറ്ററിംഗ് സ്കൂൾതലം മുതൽ നടപ്പിലാക്കണം. [PTA, MPTA, SRG]

→ ദൈനംദിന മോണിട്ടറിംഗ് HM/പ്രിൻസിപ്പൽ, SRG കൺവീനർ, PTA പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ

നന്ദാം.

## ഉപസംഹാരം

പുതിയ കാലം പൊതു ഇടങ്ങളെ അപ്രസക്തമാക്കുന്ന രീതിയിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. ഇന്ന് നമ്മുടെ ഏറ്റവും വലിയ പൊതു ഇടവും പൊതുസ്ഥലവും വിദ്യാലയമാണ്. മനുഷ്യത്വം സൃഷ്ടിക്കപ്പെടേണ്ട വിദ്യാഭ്യാസ ലോകം ഇന്ന് തീർത്തും മാറിക്കഴിഞ്ഞിരിക്കുന്നു. ഈ അവസ്ഥയെ പ്രതിവിധിയായി മാറ്റാനുള്ള പ്രായോഗിക ശ്രമങ്ങളാണ് നടന്നുവരുന്നത്. ഈ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം.

കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ പങ്കാളികളാവുക എന്നുള്ളത്. നാട്ടുകാർ മുൻവിദ്യാർത്ഥികളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# ജി.എച്ച്.എസ്.എസ് കോയിപ്രം

## അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കോയിപ്രം.

വിലാസം : കോയിപ്രം, കോയിപ്രം പി.ഒ 689 പത്തനംതിട്ട ജില്ല.

സ്ഥാപിതം : 19/05/1913

ഫോൺ :

ഇമെയിൽ : hmghsskoipuram@gmail.com

സ്കൂൾ കോഡ് : 37024

റവന്യൂ ജില്ല : പത്തനംതിട്ട

വിദ്യാഭ്യാസ ജില്ല : തിരുവല്ല

ഉപജില്ല : പുല്ലാട്

ലോകസഭാ മണ്ഡലം : പത്തനംതിട്ട

നിയമസഭാ മണ്ഡലം : ആറന്മുള

താലൂക്ക് : തിരുവല്ല

ബ്ലോക്ക് പഞ്ചായത്ത് : കോയിപ്രം

തദ്ദേശ സ്വയംഭരണ സ്ഥാപനം : കോയിപ്രം പഞ്ചായത്ത്